**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4071** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എല്ലിലെ കരാർ/ദിവസവേതന ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ കരാർ/ദിവസവേതന ജീവനക്കാരെ നിയമിക്കുന്നതിൽ തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 25.10.2004-ലെ സർക്കാർ ഉത്തരവ് (സ.ഉ. നം.11887/ജി2/03/തൊഴിൽ) പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 01.11.2007 തീയതിയിലെ സ.ഉ. (പി) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ. (കൈ) 155/2008/എച്ച് & എഫ്.ഡബ്യൂ.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനും 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമച്ചു വന്നിരുന്നു. എന്നാൽ 2023 ഏപ്രിൽ മാസം മുതൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്, തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 25.10.2004-ലെ 11887/ജി2/03/ തൊഴിൽ നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണ്. |
| (ബി) | കെ.എം.എസ്.സി.എല്ലിൽ നിയമന ഉത്തരവുകൾ ഇല്ലാതെ നിലവിൽ എത്ര ജീവനക്കാർ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ട്; പ്രസ്തുത നിയമനങ്ങൾ നടത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; കരാർ ജീവനക്കാർ എത്ര; ദിവസവേതന ജീവനക്കാർ എത്ര; വ്യക്തമാക്കാമോ; | (ബി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ഭൂരിഭാഗം ജീവനക്കാരും കരാർ/ ദിവസവേതന/ ഔട്ട്സോഴ്സ് വ്യവസ്ഥയിലാണ് ജോലി നോക്കിവരുന്നത്. കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് ജീവനക്കാരിൽ നിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിക്കുന്നതിനായി 2024 ഏപ്രിൽ മാസത്തിൽ ഹിയറിംഗ് നടത്തിയിരുന്നു. പ്രസ്തുത ഹിയറിംഗിന്റെ ഭാഗമായി, സ്ഥിര നിയമന തസ്തികയിലുള്ള 9 |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെയും കരാർ അടിസ്ഥാനത്തിലുള്ള 669 ജീവനക്കാരുടെയും ദിവസവേതന അടിസ്ഥാനത്തിലുള്ള 39 ജീവനക്കാരുടെയും 161 ഔട്ട് സോഴ്സ് ജീവനക്കാരുടെയും ജനനതീയതി, യോഗ്യത, നിയമനഉത്തരവ് എന്നിവ പരിശോധിക്കാൻ തീരുമാനിക്കുകയും പ്രസ്തുത പരിശോധന സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ തയ്യാറാക്കിവരികയും ചെയ്യുന്നു. |
| (സി) | കെ.എം.എസ്.സി.എല്ലിൽ എത്ര ജീവനക്കാർക്ക് നിയമന ഉത്തരവില്ലാതെ ജോലിയിൽ പ്രവേശിച്ചശേഷം പിന്നീട് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; പ്രസ്തുത ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകിയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ഭൂരിഭാഗം ജീവനക്കാരും കരാർ/ ദിവസവേതന/ ഔട്ട്സോഴ്സ് വ്യവസ്ഥയിലാണ് ജോലി നോക്കിവരുന്നത്. കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് ജീവനക്കാരിൽ നിന്നും ലഭിച്ച നിവേദനങ്ങൾപരിശോധിക്കുന്നതിനായി 2024 ഏപ്രിൽ മാസത്തിൽ ഹിയറിംഗ് നടത്തിയിരുന്നു. പ്രസ്തുത ഹിയറിംഗിന്റെ ഭാഗമായി, സ്ഥിര നിയമന തസ്തികയിലുള്ള 9 ജീവനക്കാരുടെയും കരാർ അടിസ്ഥാനത്തിലുള്ള 669 ജീവനക്കാരുടെയും ദിവസവേതന അടിസ്ഥാനത്തിലുള്ള 39 ജീവനക്കാരുടെയും 161 ഔട്ട് സോഴ്സ് ജീവനക്കാരുടെയും ജനനതീയതി, യോഗ്യത, നിയമനഉത്തരവ് എന്നിവ പരിശോധിക്കാൻ തീരുമാനിക്കുകയും പ്രസ്തുത പരിശോധന സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ തയ്യാറാക്കിവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ